# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1287

13.06.2013-ൽ
മറുപടിയ്ക്ക്

### നെടുങ്ങോലം - ചിറക്കര റോഡിൽ വെള്ളക്കെട്ട്

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ചാത്തന്നൂർ റോഡ് സെക്ഷനിലെ നെടുങ്ങോലം ബ്രിഡ്ജ്-ചിറക്കര റോഡിൽ പുന്നമുക്കിന് സമീപമുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിലേയ്ക്ക് എന്തു തുക അനുവദിച്ചിട്ടുണ്ട്; ആയത് എന്നാണ് അനുവദിച്ചത്;<br>എന്തു പ്രവർത്തനം നടത്തുവാനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) ഒഴിവുപാറ - പുന്നമുക്ക് എന്ന സ്ഥലത്ത് ചപ്പാത്തിലുള്ള വെള്ളക്കെട്ട് മാറ്റുന്നതിന് 2011-12 സാമ്പത്തിക വർഷം 15 ലക്ഷം രൂപ അനുവദിച്ച് ഓട കെട്ടി സ്ലാബ് ഇടുന്നതിന് കരാർ ഏർപ്പാടാക്കി. ഈ ഓട നിർമ്മിച്ച് അടുത്തുള്ള കവുങ്കമായി ബന്ധിപ്പിക്കുന്നതിന് ഏകദേശം 5 മുതൽ 6 മീറ്റർ താഴ്ചയിൽ ഓട നിർമ്മിക്കേണ്ടി വരും. ഇത് പ്രായോഗികമല്ല എന്ന കാരണം ചൂണ്ടികാട്ടി നാട്ടുകാർ പണി തടസ്സപ്പെടുത്തിയതിനെ തുടർന്ന് പ്രസ്തുത പണി റദ്ദ് ചെയ്തു. |
| (ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം പ്രാവർത്തികമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;<br>തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) വെള്ളക്കെട്ട് മാറ്റുന്നതിന് നിലവിലുള്ള ചപ്പാത്തിൽ ഉള്ള വെള്ളം സ്വകാര്യ വസ്തുവിൽ കൂടി ഒഴുക്കിവിടുന്നതിനുള്ള തടസ്സം നീക്കേണ്ടതുണ്ട്. ടി വിഷയത്തിൽ പരിസരവാസികളുമായി പല തവണ കൂടിയാലോചന നടത്തിയിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ അനുമതി കിട്ടുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

(സി) പ്രസ്തുത റോഡിൽ വെള്ളക്കെട്ട് മൂലം കാൽനടയാത്രയും ചെറുവാഹനങ്ങളുടെ യാത്രയും അസാദ്ധ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗതാഗതം സുഗമമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(സി) ഉണ്ട്. വെള്ളക്കെട്ട് മാറ്റുന്നതിന് ചപ്പാത്തിൽ നിലവിലുള്ള വെള്ളം സ്വകാര്യ വസ്തുവിൽ കൂടി ഒഴുക്കി വിടുന്നതിനുള്ള തടസ്സം നീക്കുന്നതിന് പരിസരവാസികളുമായി കൂടിയാലോചന നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് അനുമതി കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ